(സി) രൂപീകരണശേഷം ആറുമാസം കഴിഞ്ഞ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് ബാങ്ക് ലിങ്കേജ് വായ്പ ലഭ്യമാകുന്നത്. ഇപ്രകാരം ബാങ്ക് വായ്പ ലഭ്യമാകുന്നതിന് ബാങ്കുകൾ നടത്തുന്ന ഗ്രേഡിംഗിൽ 80% മാർക്ക് വാങ്ങി അയൽക്കൂട്ടം ഗ്രേഡിംഗ് പാസാകണം. ഗ്രേഡിംഗ് പാസാകുന്ന അയൽക്കൂട്ടങ്ങൾക്ക് അവരുടെ ആകെ സമ്പാദ്യത്തിന്റെ നാലിരട്ടിവരെ ബാങ്ക് വായ്പ ലഭ്യമാകും. ആയതിനാൽ, ബാങ്ക് വായ്പയ്ക്ക് പ്രത്യേക പരിധി നിശ്ചയിച്ചിട്ടില്ല.

കുടുംബശ്രീയുടെതന്നെ അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുന്ന മൈക്രോ സംരംഭയൂണിറ്റുകൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും (ജെ.എൽ.ജി.) ഗ്രൂപ്പുകളുടെ ആവശ്യത്തിന് അനുസരിച്ചും അവർ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലുമാണ് ബാങ്കുകൾ വായ്പ ലഭ്യമാക്കുന്നത്.

(ഡി) കുടുംബശ്രീ യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന ബാങ്ക് വായ്പ വെട്ടിച്ചുരുക്കുവാൻ തീരുമാനിച്ചിട്ടില്ല.

വീ-കെയർ പദ്ധതിയുടെ നടത്തിപ്പ്

216 (7515) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീ-കെയർ പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തത് ; ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും ?

ഉത്തരം

വീ-കെയർ പദ്ധതിയിലൂടെ ധനസമാഹരണം നടത്തുന്നതിന് ധനസമാഹരണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് ദേശീയ തലത്തിൽ Expression of Interest ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പ്രമുഖ ഇംഗ്ലീഷ് പത്രങ്ങളിൽ നൽകിയിട്ടുണ്ട്. ടെൻഡറിംഗ് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

വീ-കെയർ വോളന്റിയർ കോർ

217 (7516) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീ-കെയർ വോളന്റിയർ കോർ-ന്റെ ആദ്യഘട്ടമായി 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിവരിക്കാമോ ;

(ബി) ഒന്നാംഘട്ടം നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാർശ്വവൽക്കൃതർക്ക് ഇതിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വിവരിക്കാമോ ; ആദ്യഘട്ടത്തിൽ എത്ര പേർക്ക് ആനുകൂല്യം ലഭിക്കുമെന്ന് അറിയിക്കുമോ ;

(ഡി) ഇതിനായി 2014-15 വർഷത്തിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വീ-കെയർ വോളന്റിയർ കോർ-ന്റെ ആദ്യഘട്ടമായി 25 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിവരുന്നു.

(സി) സമൂഹത്തിൽ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ആവശ്യമായ സാമൂഹ്യസുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാർ ഫണ്ടിനുപുറമെ ആവശ്യമായ വിഭവം സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്നും സമാഹരിക്കുന്നു. ഇത്തരത്തിൽ 1000 പേർക്ക് 'മിഷൻ 676'ൽ ഉൾപ്പെടുത്തി സഹായം നൽകുവാനുദ്ദേശിക്കുന്നു.

(ഡി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വീ-കെയർ പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്കായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രത്യാശ പദ്ധതി

218 (7517) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതകൾക്കായി 'പ്രത്യാശ' എന്ന പേരിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതിയുമായി ഏതെല്ലാം സ്വകാര്യ ഏജൻസികൾ സഹകരിക്കുന്നുണ്ട് ; അവയുടെ പേരും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) എത്രപേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ലഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സാമൂഹ്യ സുരക്ഷാമിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പാക്കുന്ന വിവാഹധനസഹായ പദ്ധതിയാണ് 'പ്രത്യാശ'. 22 വയസ്സ് പൂർത്തിയായ 60,000 രൂപയിൽ താഴെ

LIBRARY ARCHIVES Kerala Legislative Assembly